# തൂമ്പയെ തൂമ്പയെന്ന് വിളിക്കേണ്ടുന്ന നേരം

ബദീഉസ്സമാൻ

ജനുവരി മൂന്നാം വാരത്തിൽ തിരുവനന്തപുരത്ത് വെച്ച്, സോളിഡാരിറ്റി പരിപാടിയിൽ പങ്കെടുക്കാനെത്തിയ ഇഫ്തികാർ ഗീലാനിയുമായി സംസാരിക്കാനിടയായി. സ്വാഭാവികമായും കശ്മീർ പ്രശ്നവും അതിനുള്ള പരിഹാരമാർഗങ്ങളുമായിരുന്നു മുഖ്യ ചർച്ചാവിഷയം. ഇന്ത്യയെപ്പോലെ ഒരു വലിയ ശക്തിയോട് കഴിഞ്ഞ ഇരുപതോളം വർഷമായി തുടരുന്ന പോരാട്ടം കശ്മീരികൾക്ക് നൽകിയത് ഒരുപാട് ജീവ-മാനനഷ്ടങ്ങൾ മാത്രമായിരുന്നെന്നും സായുധമാർഗേണയുള്ള പരിഹാരം ദുസ്സാധ്യമെന്നുമുള്ള തിരിച്ചറിവിൽനിന്നുകൊണ്ട് ഒരു പുനർവിചിന്തനത്തിന് തയാറാകണമെന്ന നിർദേശം പലരും മുന്നോട്ടുവെക്കുന്നതിനെക്കുറിച്ച് അദ്ദേഹത്തോട് സൂചിപ്പിച്ചു. ഓസ്‌ലോ കരാറിനെ വഞ്ചനയെന്നും കീഴടങ്ങലെന്നും വിശേഷിപ്പിച്ച ഹമാസ് 10 വർഷത്തിനു ശേഷം അതേ കരാർ പ്രകാരം നിലവിൽവന്ന ഫലസ്തീൻ അതോറിറ്റി എന്ന സംവിധാനത്തെ അംഗീകരിക്കുകയും ഇലക്ഷനിൽ പങ്കെടുത്ത് ഭരണം നേടുകയും ചെയ്ത അവസ്ഥ ഉദാഹരിച്ച് ഇന്ത്യൻ ജനാധിപത്യത്തിലെ ലഭ്യമായ അവസരങ്ങൾ ക്രിയാത്മകമായി ഉപയോഗപ്പെടുത്തിക്കൂടേ എന്ന നിർദേശമാണ് ഉന്നയിച്ചത്. അപ്പോൾ അദ്ദേഹം പറഞ്ഞു: "തീർച്ചയായും പരിഗണിക്കാവുന്ന ഒന്നാണിത്. പക്ഷേ, കശ്മീരിനെ സംബന്ധിച്ച പ്രശ്നം പരിഹാര നിർദേശങ്ങളുടെ ദൗർലഭ്യമല്ല. ഉദാഹരണമായി ഐറിഷ് മോഡൽ പരിഹാരം എന്തുകൊണ്ട് കശ്മീരിലായിക്കൂടാ എന്നൊരു ചോദ്യം നേരത്തേ അവിടെ ഉന്നയിക്കപ്പെടുന്നുണ്ട്. പക്ഷേ, പ്രശ്നം ആര് ഇതിന് മുൻകൈയെടുക്കുമെന്നുള്ളതാണ്. കാരണം കശ്മീരികൾ ഇപ്പോൾ ആരെയും വിശ്വസിക്കുന്നില്ല; അവർ പരസ്പരം പോലും. മിലിറ്റൻസി മൂലമുണ്ടായ ഏറ്റവും വലിയ ദുരന്തം കശ്മീരിൽ ഒരു സിവിൽ സൊസൈറ്റി ഇല്ലാതായി എന്നതാണ്. ആ അവസ്ഥ നിങ്ങൾക്ക് പറഞ്ഞാൽ മനസ്സിലാവില്ല."

1987 വരെ ഏറക്കുറെ പ്രശ്നരഹിതമായിരുന്ന കശ്മീരിലെ യുവാക്കളെ ആയുധമെടുക്കാൻ പ്രേരിപ്പിച്ച മുഖ്യ ഘടകം ആ വർഷത്തെ തെരഞ്ഞെടുപ്പിൽ നടന്ന വ്യാപകവും ആസൂത്രിതവുമായ കൃത്രിമങ്ങളായിരുന്നെന്ന് ഇന്നെല്ലാവരും അംഗീകരിക്കും. ഉദാഹരണമായി, ആ തെരഞ്ഞെടുപ്പിൽ എം.യു.എഫിന്റെ സ്ഥാനാർഥിയായി സോപാറിൽ 5000 വോട്ടിന് വിജയിച്ചതായിരുന്നുവത്രെ സയ്യിദ് സ്വലാഹുദ്ദീൻ. പക്ഷേ, അത്രതന്നെ വോട്ടിന് അയാൾ പരാജയപ്പെട്ടതായാണ് പ്രഖ്യാപനമുണ്ടായത്. ഇപ്രകാരം തങ്ങളുടെ ന്യായമായ അവകാശങ്ങൾ നിഷേധിക്കപ്പെടുന്നതിൽ മനംമടുത്ത് ആയുധമെടുത്ത അവിടത്തെ ചെറുപ്പക്കാർ 20 വർഷങ്ങൾക്കു ശേഷം എത്തിപ്പെട്ടിരിക്കുന്നത് ഒരാളെയും വിശ്വസിക്കാൻ കഴിയാത്ത മാനസിക- സാമൂഹികാവസ്ഥകളിലേക്കാണ്.

കേരളവും കശ്മീരുമായി താരതമ്യമില്ല. എങ്കിലും ഇതൊരു സൂചനയാണ്; പൊതുസമൂഹത്തിലുള്ള സംവിധാനങ്ങളിലൂടെ ന്യായവും നീതിയും അവകാശങ്ങളും ലഭ്യമാവുന്നില്ലെന്നും, അവ നേടിയെടുക്കാൻ നീതി നിഷേധിക്കപ്പെടുന്നവർ നിയമം കൈയിലെടുക്കണമെന്നും അതുവഴി അധികാരകേന്ദ്രങ്ങളിൽ സമ്മർദശക്തിയാവാനും മനുഷ്യാവകാശ ധ്വംസനം നടത്തുന്നവരിൽ ഭീതി പടർത്താനും മർദിതർക്ക് കഴിയുമെന്നും സമുദായത്തിനുള്ളിൽ നിരന്തരം പ്രചാരണം നടത്തിക്കൊണ്ടിരിക്കുന്നവർക്കും അവരോട് മാനസികമായെങ്കിലും ഐക്യദാർഢ്യം പുലർത്തുന്നവർക്കും.

സ്വൈരമായി ജീവിക്കാനും സംഘടിക്കാനുമുള്ള അവകാശവും വിവിധ വിഭാഗങ്ങൾക്കിടയിൽ വിഭവങ്ങളുടെ ന്യായപൂർണമായ വിതരണവും നമ്മുടെ ഭരണ

**പാരസ്പര്യത്തിന്റെ വിശാല ഇടങ്ങളെ ചുരുക്കിക്കെട്ടാനും മനസ്സുകൾക്കിടയിൽ വിദ്വേഷത്തിന്റെയും പരസ്പര സംശയത്തിന്റെയും കന്മതിലുകൾ തീർക്കാനും ആര് ശ്രമിച്ചാലും നാമതിനെ ചെറുക്കും– അത് ചെയ്യുന്നത് കാരുണ്യത്തിന്റെ ജീവിതദർശനമായ ഇസ്‌ലാമിന്റെ പേരിലാവുമ്പോൾ വിശേഷിച്ചും.**

ഘടന ഉറപ്പുനൽകുന്നുണ്ട്. എങ്കിലും ഏട്ടിലെ പശു മിക്കപ്പോഴും പുല്ലു തിന്നാറില്ലെന്നത് അനുഭവമാണ്. 60 കൊല്ലത്തെ സ്വാതന്ത്ര്യാനന്തര ഇന്ത്യാ ചരിത്രത്തിൽ മുസ്‌ലിംകൾക്ക് നേരെയുള്ള നീതിനിഷേധത്തിന്റെയും അവകാശധ്വംസനത്തിന്റെയും ഉന്മൂലന ഭീഷണിയുടെയും എത്രയോ ഉദാഹരണങ്ങൾ കാണാം. പലപ്പോഴും പൗരന്മാരുടെ ജീവന്നും സ്വത്തിനും സുരക്ഷ നൽകാൻ ബാധ്യതപ്പെട്ടവർ അത് നൽകുന്നില്ലെന്നു മാത്രമല്ല, ന്യൂനപക്ഷങ്ങളെ ലക്ഷ്യമിടുന്ന ഫാഷിസ്റ്റുകൾക്കൊപ്പം ചേരുകയും ചെയ്യുന്നു എന്നത് യാഥാർഥ്യമാണ്. അറുപതുകളുടെ അന്ത്യപകുതിയിലാരംഭിച്ച് 2002–ലെ ഗുജറാത്തിലെത്തി നിൽക്കുന്ന മുഴുവൻ വംശഹത്യാശ്രമങ്ങളിലും പോലീസിന്റെ പങ്ക് എന്തെന്ന് നമ്മളറിഞ്ഞതാണ്. കലാപങ്ങളെന്ന പേരിൽ മിക്കവാറും ഏകപക്ഷീയമായി അരങ്ങേറുന്ന ഇത്തരം വർഗീയാക്രമണങ്ങൾക്ക് ഉത്തരവാദികളായവരെ, അന്വേഷണ കമീഷനുകൾ ചൂണ്ടിക്കാണിക്കാറുണ്ടെങ്കിലും പൊതുവെ കുറ്റവാളികൾ ശിക്ഷിക്കപ്പെടാറില്ല. ബോംബെ കലാപം ഏറ്റവും മികച്ച ഉദാഹരണമാണ്.

ചരിത്രപരവും മറ്റുമൊക്കെയായ കാരണങ്ങളാൽ നീതിനിഷേധത്തിന്റെയും അവകാശധ്വംസനങ്ങളുടെയും മുഖ്യ ഇരകൾ മുസ്‌ലിംകളാണ് എന്നതിനാൽ സമുദായം അവയോട് എങ്ങനെ പ്രതികരിക്കുന്നു എന്നത് പ്രധാനമാണ്. അധികാര–ഭരണനിർവഹണ വിഭാഗങ്ങളിൽനിന്നുണ്ടാകുന്ന കൃത്യവിലോപങ്ങളോടും അരുതായ്മകളോടും തീവ്ര ഹിന്ദുത്വവാദികളുയർത്തുന്ന ഉന്മൂലന ഭീഷണികളോടും എങ്ങനെ പ്രതികരിക്കണമെന്നത് സംബന്ധിച്ച് പല അഭിപ്രായങ്ങളും സമുദായത്തിൽനിന്നുയർന്നുവരാറുണ്ട്. ഈ വിഷയത്തിൽ ഓരോ വിഭാഗത്തിന്റെയും അഭിപ്രായങ്ങൾ രൂപപ്പെടുന്നത് അവരുടെ രാഷ്ട്രീയ നിലപാടുമായി ബന്ധപ്പെട്ടുകൊണ്ടാണ്. മുസ്‌ലിംകൾ ദേശീയ മുഖ്യധാരയുടെ ഭാഗമായിനിന്നുകൊണ്ട് മതേതര ജനാധിപത്യ ശക്തികളെ ബലപ്പെടുത്തണമെന്ന് ഒരു കൂട്ടർ ആവശ്യപ്പെടുമ്പോൾ സമുദായം സ്വന്തം നിലയിൽ രാഷ്ട്രീയ പ്രസ്ഥാനമുണ്ടാക്കി ഒരു വിലപേശൽ ശക്തിയായി മാറണമെന്ന് മറ്റൊരു വിഭാഗം കരുതുന്നു. ഒരാദർശാധിഷ്ഠിത സമൂഹത്തിന്റെ സ്ഥാപനം സ്വപ്നം കാണുന്ന ഇസ്‌ലാമിക പ്രസ്ഥാനമാകട്ടെ, ഇതിനെ കേവലമൊരു രാഷ്ട്രീയപ്രശ്നം മാത്രമായി കാണുന്നില്ല. സമുദായം വെറുമൊരാൾക്കൂട്ടം എന്ന അവസ്ഥയിൽനിന്ന് ഒരാദർശസമൂഹം എന്ന നിലയിലേക്ക് ഉയർന്നു നിൽക്കുകയും നീതിനിഷേധത്തോടും വർഗീയധ്രുവീകരണ ശ്രമങ്ങളോടും അമർഷമുള്ള മഹാഭൂരിപക്ഷം വരുന്ന പൊതുസമൂഹത്തെ ഒപ്പം നിർത്തുകയും ചെയ്തുകൊണ്ടേ മേൽ പ്രതിസന്ധികളെ അതിജീവിക്കാനാവൂ എന്ന് പ്രസ്ഥാനം കരുതുന്നു.

### കനം വെച്ചുവരുന്ന സ്വരം

എന്നാൽ നമ്മുടെ സംസ്ഥാനത്ത് ഇതിൽനിന്ന് ഭിന്നമായി നേരത്തേ ഒറ്റപ്പെട്ട് കേട്ടിരുന്ന ഒരു സ്വരം കഴിഞ്ഞ ദശകത്തിൽ കൂടുതൽ കനം വെച്ചുവരുന്നത് നമ്മളറിയുന്നു. മുസ്‌ലിം സമൂഹം നേരിടുന്ന മുഖ്യപ്രശ്നം ഹിന്ദുവർഗീയവാദികളിൽനിന്നുള്ള ശാരീരിക ഭീഷണിയാണെന്നും അതിൽനിന്ന് നമ്മെ രക്ഷിക്കുന്നതിൽ ഭരണ നിയമ സംവിധാനങ്ങൾ പരാജയപ്പെട്ടുപോകുന്നെന്നും അതിനാൽ കായികമായിത്തന്നെ പ്രതിരോധിക്കാൻ സമുദായസംവിധാനങ്ങളുണ്ടാവണമെന്നുമാണ് ഈ വാദം. കേരളത്തിൽ 1992–ലെ നിരോധത്തോടെ രംഗത്തുനിന്ന് നിഷ്ക്രമിച്ച ഇസ്‌ലാമിക സേവക സംഘം (ഐ.എസ്.എസ്) ആണ് ഈ വാദഗതി ഒരു സംഘടന എന്ന നിലയിൽ സമീപകാലത്ത് ഉന്നയിച്ചത്. ബാബരിമസ്ജിദ് തകർക്കപ്പെട്ടതിനു ശേഷം മുസ്‌ലിംസമൂഹത്തിനകത്തുണ്ടായ അരക്ഷിതബോധം പശ്ചാത്തലമാക്കി, നാഷനൽ ഡെവലപ്മെന്റ് ഫ്രണ്ട് (എൻ.ഡി.എഫ്) എന്ന സംഘടന ഈ മുദ്രാവാക്യം കൂടുതൽ ശക്തമായി ഉയർത്താൻ തുടങ്ങി.

ബാബരി തകർച്ചയെ തുടർന്ന് വർഗീയ പ്രശ്നങ്ങളാൽ നാട് കലുഷിതമായിരുന്ന ഒരു പശ്ചാത്തലത്തിലാണ് സമുദായ പ്രതിരോധ സന്നാഹങ്ങളുടെ ആവശ്യകതയിലൂന്നി ഒരു വിഭാഗം രംഗത്തുവരുന്നത്. ഐ.എസ്.എസ്സിനെ പോലെ കാടിളക്കി പ്രചാരണം നടത്തുന്നതിനു പകരം വ്യക്തികളെ സ്വകാര്യമായി സമീപിച്ച് 'സമുദായത്തിന്റെ പ്രശ്നങ്ങളെക്കുറിച്ച് ഒരു ചർച്ചയുണ്ട്, അവിടെ നിങ്ങൾ പങ്കെടുക്കണം' എന്ന് പറഞ്ഞ് പ്രിപറേറ്ററി ക്ലാസ്സുകളിലേക്ക് ആളെ ക്ഷണിക്കുന്ന രീതിയാണുണ്ടായിരുന്നത്. അന്ധവിശ്വാസാനാചാരങ്ങളിൽനിന്ന് സമുദായത്തെ രക്ഷിക്കാനും ദഅ്‌വാ പ്രവർത്തനങ്ങളുടെ നിർവഹണത്തിനും മദ്റസാ സംവിധാനം കൊണ്ടുനടത്തുന്നതിനും രാഷ്ട്രീയ സ്വാധീനം ഉറപ്പിക്കുന്നതിനും സമുദായത്തിനകത്ത് ആളുകളുണ്ട്; പക്ഷേ നിലനിൽപ് തന്നെ ചോദ്യം ചെയ്യപ്പെടുന്ന ഒരു സമുദായത്തിന് മേൽപറഞ്ഞവ കൊണ്ടുമാത്രം മതിയാക്കാനാവുമോ, സ്വന്തമായ ചില രക്ഷാസംവിധാനങ്ങൾ കൂടി വേണ്ടതല്ലേ; ആണെന്നാണ് നിങ്ങളുടെ ഉത്തരമെങ്കിൽ നിങ്ങൾ അടുത്ത ക്ലാസ്സിൽ വരിക– വാക്കുകൾ വ്യത്യസ്തങ്ങളാവാമെങ്കിലും യോഗങ്ങളുടെ എണ്ണം കൂടാമെങ്കിലും ഇതായിരുന്നു സംഘടനാ പരിചയ ക്ലാസ്സുകളുടെ സന്ദേശം. തുടക്കത്തിൽ എൻ.ഡി.എഫ് എന്ന പേര് കേഡറുകൾ മാത്രമറിയുന്ന അതീവ രഹസ്യമായി സൂക്ഷിച്ചു. സംവിധാനത്തിന്റെ പേര്, ക്ലാസ് നടക്കുന്ന സ്ഥലം, ക്ലാസ്സെടുക്കുന്ന ആൾ എന്നീ കാര്യങ്ങളിലൊക്കെ പുലർത്തിയ നിഗൂഢത, സാഹസതൽപരരായ ചെറുപ്പക്കാർക്ക് ആവേശമായി.

മുസ്‌ലിം സംഘടനകൾ പരസ്പരമുള്ള വിഴുപ്പലക്കലിൽ മനംമടുത്ത യുവാക്കൾക്ക് മുമ്പിൽ സംഘടനകൾക്കതീതമായ ഒരു പൊതു പ്ലാറ്റ്ഫോമായി അവതരിപ്പിക്കപ്പെട്ടു പുതിയ സംഘടന. പരസ്പര വിമർശനത്തിന്റെ സാമാന്യ മര്യാദപോലും പാലിക്കാത്ത സംഘടനാ സംസ്കാരം അതിവാദ അജണ്ടക്കാർക്ക് യുവാക്കളെ കൂട്ടിക്കൊടുക്കുകയായിരുന്നു എന്നതാണ് നേര്. അന്നുവരെ തന്റെ സംഘടനയെന്ന, സ്വജാതിയിൽപെട്ടവരോട് മാത്രം ചിരിച്ചും സലാം പറഞ്ഞും തുടർന്ന് നമസ്കരിച്ചും ശീലിച്ചവന് അപരനെ കാണാനും അവന്റെ പള്ളിയിൽ കയറാനും പുതിയ സംവിധാനം ഇടം നൽകി.

'സംയുക്ത പ്രചാരണസമിതി കേരളം' എന്ന പേരിലും, ബാബരി പ്രശ്നത്തിൽ കാലിക്കറ്റ് എയർപോർട്ടിലേക്ക് നടന്ന മാർച്ചിന്റെ മറവിലും യഥാർഥത്തിൽ നടന്നത് വരാൻ പോകുന്ന ചില സംവിധാനങ്ങളുടെ നിലമൊരുക്കലായിരുന്നു എന്ന് മറ്റുള്ളവർ അറിയുന്നത് പിന്നീടാണ്. 1994 ആഗസ്റ്റിൽ കോഴിക്കോട്ട് സംഘടിപ്പിച്ച സംവരണ സെമിനാറിനോടടുപ്പിച്ചാണ് നാഷനൽ ഡവലപ്മെന്റ് ഫ്രണ്ട് എന്ന പേര് പരസ്യമായി പ്രത്യ

ക്ഷപ്പെട്ടുതുടങ്ങിയത്. ആ വർഷം ഡിസംബർ 16-ന് കോഴിക്കോട്ട് തന്നെ സംഘടിപ്പിച്ച ബഹുജനറാലിൽ വന്നുകൂടിയ ജനങ്ങളെ കണ്ടാണ് സംഘടനയുടെ വലിപ്പം ആളുകളറിയുന്നത്.

കഴിഞ്ഞ 15 വർഷമായി തങ്ങളെ ചുറ്റിപ്പറ്റി ഒരു ദുരൂഹത നിലനിർത്തിക്കൊണ്ടാണ് ഈ സംഘം പ്രവർത്തിക്കുന്നത്. പേരിന്റെ കാര്യത്തിൽ ഐ.എസ്.എസ്സിന് പറ്റിയ അബദ്ധത്തിൽ നിന്ന് പാഠമുൾക്കൊണ്ട് ശുദ്ധ 'സെക്യുലർ' പേരാണ് അവർ കണ്ടെത്തിയത്. മനുഷ്യാവകാശ സംഘടന എന്നാണ് പൊതുസമൂഹത്തിൽ അവർ പരിചയപ്പെടുത്താറ്. 1995 അവസാനം കുറ്റ്യാടിയിലെ ആരാധനാലയത്തിൽ നടന്ന ഒരു ബോംബ് സ്ഫോടനവുമായി ബന്ധപ്പെട്ടാണ് സാമുദായിക സംഘർഷ പ്രശ്നങ്ങളിൽ എൻ.ഡി.എഫിന്റെ പേര് പരാമർശവിഷയമാകുന്നത്. അതിനു ശേഷമുണ്ടായ ചില കൊലപാതകങ്ങളിലും വർഗീയ സംഘർഷങ്ങളിലും സംഘടന കക്ഷിയാണെന്ന ആരോപണമുയർന്നു. ഫക്കീർ ഉപ്പാപ്പ, പെരിഞ്ഞനം സന്തോഷ്, വളാഞ്ചേരി താമി, ഈന്തുള്ളതിൽ ബിനു തുടങ്ങിയവരുടെ കൊലപാതകങ്ങൾ, നാദാപുരം-മാറാട്-പത്തനംതിട്ട സംഘർഷങ്ങൾ എന്നിവയുമായി ബന്ധപ്പെട്ട് എൻ.ഡി.എഫിന്റെ പേര് ഉയർത്തപ്പെട്ടു. ആരോപണങ്ങൾ മുഴുവൻ വസ്തുതാപരമാവണമെന്നില്ല. എല്ലാ പ്രശ്നങ്ങളുടെയും ഉത്തരവാദിത്വം ആരോപിക്കപ്പെടാവുന്ന സ്വഭാവശീലങ്ങളോട് കൂടിയവരാണിവർ എന്നൊരു ഇമേജ് തങ്ങളുടെ നിഗൂഢ പ്രവർത്തനശൈലി വഴി എൻ.ഡി.എഫ് സൃഷ്ടിച്ചെടുക്കുകയാണ് ചെയ്തത്. ആണ്ടോടാണ്ട് നടത്തുന്ന മനുഷ്യാവകാശ പരിപാടികൾക്കോ സേവനവാരത്തിനോ മായ്ക്കാനും മറയ്ക്കാനും കഴിയാത്തവണ്ണം പൊതുസമൂഹത്തിൽ തിരിച്ചറിയപ്പെട്ടിരിക്കുന്നു ഈ ഇമേജ്.

അവരുടെ ദുരൂഹ ശൈലികൾ പൊതുസമൂഹത്തിനും സമുദായത്തിനും ഏൽപിക്കുന്ന ആഘാതങ്ങളെ ഇനിയും ചർച്ച ചെയ്യാതിരിക്കാൻ നമുക്കാവില്ല; അവരുടെ ചെയ്തികളുടെ പാപഭാരം പേറേണ്ടിവരുന്നത് മുസ്‌ലിംസമുദായമായിരിക്കെ വിശേഷിച്ചും.

സമുദായത്തിനുള്ളിലും പൊതുസമൂഹത്തിലും തങ്ങളുടെ പ്രതിനിധാനമെന്തെന്ന് വിശദീകരിക്കേണ്ട ബാധ്യത എൻ.ഡി.എഫിനുണ്ട്. ഇതിനവരെ പ്രേരിപ്പിക്കാൻ സമുദായ നേതൃത്വത്തിന് ഉത്തരവാദിത്വവുമുണ്ട്. സംവരണ പാക്കേജിനെക്കുറിച്ച് മുസ്‌ലിംലീഗ് വിളിച്ചു ചേർത്ത മുസ്‌ലിം സംഘടനകളുടെ യോഗത്തിലും കോൺഗ്രസ് സംഘടിപ്പിച്ച ന്യൂനപക്ഷ സമ്മേളനവേദിയിലും ഇവർക്ക് ഒരു കസേര ലഭിച്ചതിന്റെ അർഥം, ഒരു മുസ്‌ലിം സംഘടനയായി ഇവരെ രാഷ്ട്രീയ നേതൃത്വങ്ങൾ അംഗീകരിക്കുന്നു എന്നല്ലേ? ഇനിയും പൊതുസമക്ഷം പൂർണമായും വെളിപ്പെടാൻ കൂട്ടാക്കാത്ത ഒരു നിഗൂഢ കൂട്ടായ്മക്ക്, മുസ്‌ലിം സമുദായ സംഘടനാ സ്റ്റാറ്റസ് വകവെച്ചുകൊടുക്കപ്പെടുന്നതിലെ അപകടം മുസ്‌ലിം സംഘടനകൾ ഇനിയും കണ്ടില്ലെന്ന് നടിച്ചുകൂടാ.

മുഖ്യധാരാ മുസ്‌ലിം സംഘടനകളൊന്നും സമുദായത്തിന്റെ ദേഹസുരക്ഷ ഒരു അജണ്ടയായി ഏറ്റെടുക്കാത്ത പശ്ചാത്തലത്തിൽ, ഏറെ പ്രാധാന്യമുള്ള ആ ദൗത്യം ഏറ്റെടുക്കുന്നു എന്ന് പറഞ്ഞാണ് എൻ.ഡി.എഫ് രംഗത്തുവന്നത്. സംഘ്പരിവാറിന്റെ ഏകപക്ഷീയാക്രമണങ്ങൾക്ക് സമുദായം നിരന്തരമായി വിധേയമാകുമ്പോൾ, സംഘടനാ നേതൃത്വങ്ങൾ കോറസായി ഉരുവിടുന്ന ആത്മസംയമന മന്ത്രങ്ങൾ, തിരിച്ചടിക്കുന്നതു പോയിട്ട് ആർത്തൊന്ന് ഒച്ചവെക്കാൻ പോലും കഴിയാത്തവിധം സമുദായത്തെ പേടിത്തൊണ്ടന്മാരാക്കി മാറ്റി എന്നായിരുന്നു ആരോപണം. സ്വന്തം താൽപര്യങ്ങൾക്കു വേണ്ടി ഹിന്ദുത്വ പരിവാറിനോട് ഒളിഞ്ഞും തെളിഞ്ഞും സന്ധി ചെയ്ത മത-രാഷ്ട്രീയ നേതൃത്വങ്ങളുടെ കാപട്യം മുസ്‌ലിംയുവാക്കളിൽ സൃഷ്ടിച്ച ഇഛാഭംഗം എൻ.ഡി.എഫിന് സഹായകമായി എന്നത് നേരാണ്. സമുദായം നേരിടുന്ന ഉന്മൂലന ഭീഷണിക്ക് ജനാധിപത്യ പരിഹാരങ്ങൾ നിർദേശിച്ചവർക്ക് അവ്വിഷയകമായി ക്രിയാത്മകമായൊന്നും ചെയ്യാൻ കഴിയുന്നില്ലെന്ന തിരിച്ചറിവ് പുതിയ വിഭാഗം ശരിയായി മുതലെടുക്കുകയും ചെയ്തു.

1993-നു ശേഷമുള്ള 14 വർഷങ്ങളിൽ ഇവർ സമുദായത്തിന് എന്ത് നേടിത്തന്നു എന്നതും പഠനവിധേയമാക്കണം. മനുഷ്യാവകാശ പ്രശ്നങ്ങൾ മറയാക്കി സമുദായ സുരക്ഷിതത്വം തീർക്കാനുള്ള ബാധ്യത സ്വയമേറ്റെടുത്തവർക്ക് സമുദായസുരക്ഷ എത്രത്തോളം ഉറപ്പാക്കാൻ കഴിഞ്ഞു? മുഖ്യധാരാ മുസ്‌ലിം സംഘടനകൾക്ക് നിർവഹിക്കാൻ കഴിയാത്ത എന്ത് ക്രിയാത്മക ദൗത്യമാണ് ഇവരാൽ നിർവഹിക്കപ്പെട്ടുകൊണ്ടിരിക്കുന്നത്?

മതം മാറിയ രാധാമണിക്ക് സംരക്ഷണം നൽകാൻ കഴിയാതെവന്നതും, തിരിച്ചടി ഭയക്കാതെ ഫാഷിസ്റ്റുകൾ സമുദായത്തെ ലക്ഷ്യമിടുന്നതും ചൂണ്ടിക്കാട്ടിത്തന്നെയാണ് എൻ.ഡി.എഫ് ആളെക്കൂട്ടിയത്. ഉത്തരേന്ത്യൻ മുസ്‌ലിംകൾ നിരന്തര പീഡനങ്ങൾക്ക് വിധേയരാകുന്നതും ആ അരക്ഷിതാവസ്ഥ കേരളത്തിലേക്ക് പടർന്നുകയറുന്നതും പ്രതിരോധ സംവിധാനത്തിന്റെ അഭാവം മൂലമാണെന്ന് അവർ അണികളെ ബോധ്യപ്പെടുത്തി. എന്നാൽ, അവരുടെ പ്രവൃത്തികൾ സമുദായത്തിന് സുരക്ഷിതത്വം നൽകിയില്ലെന്നു മാത്രമല്ല, അതിന്റെ അരക്ഷിതാവസ്ഥ വർധിപ്പിക്കുകയും സമുദായത്തെ കൂടുതലായി സംശയത്തിന്റെ കരിനിഴലിലേക്ക് നീക്കിനിർത്തുകയുമാണുണ്ടായത്.

### മാറാട്ടെ അരക്ഷിതാവസ്ഥ

2003 മെയ് മാസത്തിലെ മാറാട് കൂട്ടക്കൊലയിൽ എൻ.ഡി.എഫിന്റെ പങ്കിനെ പറ്റി തർക്കവിതർക്കങ്ങളുണ്ട്. അത് നമ്മുടെ വിഷയമല്ല. പക്ഷേ, മുഴുവൻ നിയമസംവിധാനത്തെയും നോക്കുകുത്തിയാക്കി പ്രസ്തുത സംഭവത്തിന്റെ മറവിൽ ഹിന്ദുത്വശക്തികൾ മാറാട്ടെ മുസ്‌ലിംകളെ ആട്ടിയോടിക്കുകയുണ്ടായി. 4-5 മാസത്തോളം തിരിച്ചുചെല്ലാൻ പോലും കഴിയാത്ത വിധം അതിശക്തമായ ഉപരോധമാണ് നടന്നത് (ഇപ്പോൾ 4 വർഷത്തിനു ശേഷവും കിട്ടിയ വിലയ്ക്ക് തങ്ങളുടെ സ്ഥലങ്ങൾ വിൽക്കാൻ മുസ്‌ലിംകൾ നിർബന്ധിക്കപ്പെടുമാറ് അന്തരീക്ഷം ഘനീഭവിച്ചുതന്നെ നിൽക്കുന്നു). മുസ്‌ലിം ലീഗിന് രാഷ്ട്രീയ സമ്മർദങ്ങൾ കാരണം ഈ പ്രശ്നത്തിൽ ഒന്നും ചെയ്യാൻ കഴിയാതെ പോയിരിക്കാം. ജമാഅത്തെ ഇസ്‌ലാമിയാണെങ്കിൽ ഇത്തരം പ്രയാസങ്ങളൊക്കെ 'പ്രബോധനമാർഗത്തിൽ സ്വാഭാവികമാണെ'ന്നും 'അതിനാൽ ക്ഷമയവലംബിക്കലാണ് വേണ്ടതെ'ന്നും തീരുമാനിച്ച ശുദ്ധാത്മാക്കളായിരിക്കാം. എന്നാൽ, നിയമസഹായവും പോളിസി പ്രോഗ്രാമുമൊന്നും നോക്കിയിരുന്ന് തലകളയാൻ തയാറില്ലാത്ത 'എന്തെങ്കിലുമൊക്കെ' ചെയ്യാൻ ഒരുങ്ങിനിൽക്കുന്നവർക്ക് ഈ രീതിയിൽ ഭീരുക്കളായി ഇരിക്കാൻ കഴിയില്ലല്ലോ. ആരെടാ ഞങ്ങളെ തടയുന്നതെന്ന് ചോദിച്ച് ഇവർ ചെല്ലുമെന്നാണ് എല്ലാവരും കരുതിയത്. വിപ്ലവം തെരുവിൽ നാട്ടിനിർത്തിയ കോളങ്ങളിലും ബദ്റിന്റെ ശൗര്യം മിമ്പറിലും ഒതുക്കിനിർത്തിയ നടപ്പ് സംഘടനകളിൽനിന്ന് ഭിന്നമായി, സൂറഃ *അന്നിസാഇലെ* 75-ാം സൂക്തം അർഥമറിഞ്ഞ് നെഞ്ചിലേറ്റിയ ശൂരന്മാർക്ക് അടങ്ങിയിരിക്കാനാവുമോ? എൻ.ഡി.എഫിനെ സംബന്ധിച്ചേടത്തോളം തങ്ങളുടെ പ്രതിരോധ മോഡലിന്റെ പ്രസക്തി സമുദായത്തെ ബോധ്യപ്പെടുത്താൻ കഴിയുന്ന ഒന്നാന്തരം അവസരമായിരുന്നു മാറാട്ടെ ബഹിഷ്കരണം.

പക്ഷേ, ഒന്നും സംഭവിച്ചില്ല. തങ്ങളുടെ ആസ്ഥാനത്തിന് വിളിപ്പാടകലെ നടന്ന ഈ ശുദ്ധീകരണശ്രമത്തിന് പ്രതിരോധം

തീർക്കാൻ കഴിയാതെ പോയവർ, എന്ത് പ്രതിരോധ പൈങ്കിളികളാണ് പറഞ്ഞ് മോഹിപ്പിച്ചത് എന്ന് അന്നേ ഉറക്കെ ചോദിക്കേണ്ടതായിരുന്നു. മാസങ്ങൾ കഴിഞ്ഞ് മാറാട് ഉപരോധിക്കുന്നു എന്ന പേരിൽ കിലോമീറ്ററുകൾക്കിപ്പുറത്ത് വട്ടക്കിണറിൽ ഒരു റോഡ് തടയൽ നടത്തിയെന്ന കാര്യം സമ്മതിക്കുന്നു (കോഴിക്കോട്ടു നിന്ന് 20 കിലോമീറ്റർ അകലെ തേഞ്ഞിപ്പലത്തുള്ള സർവകലാശാലക്ക് പേര് കാലിക്കറ്റ് യൂനിവേഴ്സിറ്റി എന്നാണല്ലോ).

പ്രശ്നങ്ങളുണ്ടാക്കി ഒളിച്ചോടുക- ഇതാണ് പലപ്പോഴും സ്വീകരിക്കുന്ന രീതി. പുന്നാടും തിരൂരും ഉത്തമ ദൃഷ്ടാന്തങ്ങളാണ്. എന്തെങ്കിലുമൊക്കെ ചെയ്തില്ലെങ്കിൽ തങ്ങളുടെ നിലനിൽപിന്റെ ന്യായീകരണത്തെ അത് ബാധിക്കുമെന്ന് കാണുമ്പോൾ, ഇരുട്ടിന്റെ മറവിൽ ആക്രമണങ്ങൾ നടത്തുന്നു. എന്നിട്ട് ഫാഷിസ്റ്റ് പ്രത്യാക്രമണ ഭീഷണിക്ക് മുമ്പിൽ തങ്ങളുടെ ഭാര്യാസന്താനങ്ങളടക്കമുള്ള സമുദായത്തെ എറിഞ്ഞുകൊടുത്ത് കവറേജ് ഏരിയക്ക് പുറത്തുള്ള സുരക്ഷിത മാളങ്ങളിലേക്ക് ഓടിയൊളിക്കുന്നു. തൽഫലമായി നിരപരാധികൾ അക്രമികളുടെ കൊലക്കത്തിക്കിരയാകുന്നു. ഇത്രയും കടുത്ത ഭീരുത്വത്തെയും അന്യായത്തെയും ജിഹാദെന്നും പ്രതിരോധമെന്നുമൊക്കെ വിശേഷിപ്പിക്കാൻ ഏതു മാതൃകയാണുള്ളത്? തിരൂരിൽ എൻ.ഡി.എഫ് അനുഭാവികളായ മക്കളോ അനുജന്മാരോ ഉള്ളതിന്റെ പേരിൽ പോലീസിന്റെ അന്വേഷണവും അതുവഴി അയൽക്കാരും സ്നേഹിതരുമായ അന്യമതക്കാരുടെ സംശയദൃഷ്ടിയും നേരിടേണ്ടിവന്നുകൊണ്ടിരിക്കുന്ന മാന്യന്മാരായ കുടുംബങ്ങളുടെ ഗതി നമ്മുടെ കണ്ണ് തുറപ്പിക്കേണ്ടതുണ്ട്. ഏതൊരു മുസ്‌ലിംഭവനത്തിലും ഒരു ഭീകരസാന്നിധ്യമുണ്ടാവാം എന്ന വളർത്തപ്പെട്ടുകൊണ്ടിരിക്കുന്ന ഇസ്‌ലാമോഫോബിക് പ്രചാരണം ശക്തിപ്രാപിക്കാനാണ് അതിവാദ ഗ്രൂപ്പുകളുടെ സാന്നിധ്യം ഉപകരിക്കുക എന്ന് നമ്മളറിയണം.

## പ്രതിവർഗീയതയും വർഗീയത തന്നെ

എൻ.ഡി.എഫിന്റേത് പ്രതിവർഗീയതയാണെന്നും അതിനാൽ ആർ.എസ്.എസ്-എൻ.ഡി.എഫ് വർഗീയതകളെ ഒരേപോലെ കാണാവതല്ലെന്നും ഉള്ള ഒരു നിരീക്ഷണമുണ്ട്. എൻ.ഡി.എഫിന്റെ പ്രതികരണം രാജ്യത്തെ ഫാഷിസ്റ്റ് തേരോട്ടവും അതിനോട് ഭരണകൂട സംവിധാനങ്ങൾ പുലർത്തിയ കുറ്റകരമായ നിസ്സംഗതയും ചേർന്ന് സൃഷ്ടിച്ചതാണെന്നത് നേരുതന്നെ. ഇതിനോട് അനുഭാവമുള്ള ചെറുപ്പക്കാരിൽ നല്ലൊരു ഭാഗം, സമുദായം അനുഭവിക്കുന്ന പീഡനങ്ങൾക്ക് പരിഹാരം കാണുക എന്ന സദുദ്ദേശ്യത്തിൽ സംഘടിച്ചവരാണെന്നതും ശരിയാണ്. പക്ഷേ, പ്രതികരണ വർഗീയതയുടെ അപകടം അതും വർഗീയത തന്നെയാണ് എന്നതാണ്. ഏതു വർഗീയതയും കണ്ണുകളിലും മസ്തിഷ്കങ്ങളിലും ആന്ധ്യം കയറ്റുമെന്നത് അനുഭവമാണ്. നമ്മൾ/ അവർ വേർതിരിവിൽ എപ്പോഴും ശരിയിലും തെറ്റിലും, 'നമ്മളോ'ടൊപ്പം നിൽക്കാൻ അത് ആളുകളെ പ്രേരിപ്പിക്കുന്നു. സ്വസമൂഹമനുഭവിക്കുന്ന വിവേചനങ്ങളായിരിക്കാം ഒരാളെ സാമുദായികവാദിയാക്കുന്നത്. തുടക്കത്തിൽ അയാൾക്ക്, ഈ വിവേചനങ്ങൾക്ക് ഉത്തരവാദികളായ ന്യൂനപക്ഷം വരുന്ന പീഡകരോട് മാത്രമാവും വിദ്വേഷം. പക്ഷേ അത് പതിയെപ്പതിയെ പീഡകരുൾക്കൊള്ളുന്ന സമുദായത്തോടുതന്നെയുള്ള വിരോധമായിമാറുന്നു. അതായത്, ഏതൊരു ഹിന്ദുവും ആർ.എസ്.എസ്സുകാരനാവാനാണ്, അതാവാതിരിക്കാനുള്ളതിലേറെ സാധ്യത എന്നൊരു തോന്നൽ രൂപപ്പെടുന്നു. ഇപ്രകാരം എപ്പോഴും ഒരു ശത്രുസാന്നിധ്യത്തെ തെരയുന്ന മനസ്സ് ഈ അതിവാദ ചിന്താഗതി ഉൽപാദിപ്പിക്കുന്നുണ്ട്. ഏതൊരാൾക്കും വേണ്ട ജാഗ്രതയോടെയുള്ള നിൽപായല്ല, ഒരു ശത്രുവിനെ കിട്ടി എന്തെങ്കിലും ചെയ്യാനുള്ള കൈത്തരിപ്പ് ആയാണ് ഇത്തരം പ്രതിരോധ നാട്യങ്ങളെ സമുദായം അനുഭവിക്കുന്നത്.

സമുദായത്തിനകത്ത് കുറച്ച് യുവാക്കൾ ഇടത്തുവെച്ച്, വലത്തു വെച്ച് കവാത്ത് നടത്തിയതുകൊണ്ടോ ഏതെങ്കിലും മുനിസിപ്പാലിറ്റിയിലെ മോറൽ പോലീസിംഗ് അവർ ഏറ്റെടുത്തതുകൊണ്ടോ പരിഹരിക്കപ്പെടുന്നതല്ല സമുദായത്തിന്റെ പ്രശ്നങ്ങൾ. മറിച്ച് ഒരു ദേശത്തിന്റെ അന്തസ്സ് നിലകൊള്ളുന്നത് അതിലെ ന്യൂനപക്ഷത്തോട് അതെങ്ങനെ പെരുമാറുന്നു എന്നതിന്റെ അടിസ്ഥാനത്തിലാണ് എന്ന നിലയിൽ പൊതുസമൂഹത്തിന്റെ പിന്തുണയോടുകൂടി അത് ഉയർത്തിക്കൊണ്ടുവരുന്നതിലൂടെ മാത്രമേ അത് സാധ്യമാകൂ. നാളിതുവരെ നടന്ന മുസ്‌ലിംപ്രശ്നങ്ങളിൽ എപ്പോഴൊക്കെ അനുകൂല പ്രതികരണങ്ങളുണ്ടായിട്ടുണ്ടോ, അപ്പോഴൊക്കെ നമ്മൾ ഈ വസ്തുത കണ്ടതാണ്. മുസ്‌ലിംകളുടെ ഓരോ അനക്കത്തെയും ഒരു ഭീകരനീക്കമായി ചിത്രീകരിക്കാൻ പലരും നോമ്പുനോറ്റ് നടക്കും കാലത്ത് ഹജ്ജും സ്വദഖയും വരെ ഭീകരപ്രവർത്തനമായി മാറും നേരത്ത് (എം.കെ. നാരായണന്റെ വെളിപാടുകൾ ശ്രദ്ധിക്കുക) പൊതു പിന്തുണയോടെയുള്ള സമരങ്ങളുടെ പ്രസക്തി വർധിക്കുകയാണ് ചെയ്യുന്നത്. സഹോദരസമുദായക്കാരായ, *കശ്മീർ ടൈംസ്* മാനേജ്മെന്റ് തന്റെ കൂടെ അവസാനം വരെ ഉറച്ചുനിന്നില്ലായിരുന്നെങ്കിൽ മോചനം അസാധ്യമായേനെ എന്ന് ഇഫ്തികാർ ഗീലാനി സാക്ഷ്യപ്പെടുത്തുന്നു.

ചില മതബിരുദങ്ങളെ മുന്നിൽനിർത്തി അതിവാദ ഗ്രൂപ്പ് നടത്തിക്കൊണ്ടിരിക്കുന്ന നീക്കങ്ങളെ സമുദായം തിരിച്ചറിഞ്ഞ് ചെറുത്തുതോൽപിച്ചേ മതിയാകൂ. പിറകിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ബുദ്ധിജീവികൾക്ക് എല്ലാം ഒരു തമാശയാണ്. പക്ഷേ അതിന് സമുദായം ഒടുക്കിക്കൊണ്ടിരിക്കുന്ന വില വളരെ വലുതാണ്. എൺപതുകളുടെ തുടക്കത്തിൽ രക്ഷാധികാരത്തണലിന്റെ തണുപ്പിൽ തങ്ങൾക്ക് ജലദോഷം പിടിക്കുമെന്നും അത് തങ്ങളുടെ ശബ്ദം വേർതിരിച്ചറിയുന്നതിന് തടസ്സമാവുമെന്നും ഭയന്ന് ഒറ്റക്ക് നിൽക്കാൻ തീരുമാനിച്ച്, 'ജ്ഞാനവൃദ്ധ നേതൃത്വ'ത്തിനെതിരിൽ കലാപം കൂട്ടിയും കോളങ്ങളെഴുതിയും കാലം കഴിച്ചുകൊണ്ടിരുന്നവർ സമുദായത്തെ ഉന്തിത്തള്ളി നിർത്തിയിരിക്കുന്നത് അരക്ഷിതത്വത്തിന്റെ ഉച്ചവെയിലത്താണ്. നിരന്തരം സമുദായ നേതൃത്വത്തിന്റെ ആത്മസംയമനത്താരാട്ട് കേട്ട് ഷണ്ഡീകരിക്കപ്പെട്ട മുസ്‌ലിംയുവതയുടെ ഓജസ്സ് വീണ്ടെടുക്കാൻ പ്രതികരണ വയാഗ്രയുമായി ഓടിവന്നവർ തങ്ങളുടെ ചികിത്സ രോഗത്തേക്കാൾ ഗുരുതരമാകുന്നതുകണ്ട് നിസ്സംഗരായി നിൽക്കുകയാണ്. സമുദായത്തിന് എന്തു സംഭവിച്ചാലെന്താ, നേതൃശൂന്യതയനുഭവിക്കുന്ന ഇന്ത്യൻ മുസ്‌ലിംകൾക്ക് കേരളത്തിൽനിന്നൊരു പുതിയ നേതാവ് ഉയർന്നുവരുന്നത് പോരേ നമുക്കഭിമാനിക്കാൻ എന്ന ഭാവമാണവർക്ക്.

പ്രശ്നങ്ങളുണ്ടാക്കുന്നവർ 'ഹിക്മത്തി'ന്റെ ഭാഗമായി ഒളിച്ചോടുകയും അതേതുടർന്ന് പോലീസും ഭരണകൂടവും സമുദായത്തിനു നേരെ തിരിയുകയും ചെയ്യുമ്പോൾ രണ്ട് തീവ്രവാദവിരുദ്ധ പ്രസ്താവനകളിറക്കി സ്വസ്ഥമായിരിക്കാൻ സമുദായ നേതൃത്വത്തിന് കഴിയുന്ന സമയമല്ലിത്. തല്ലാനും കൊല്ലാനും അറപ്പ് മാറിയ ഒരു വിഭാഗം മതപ്രമാണങ്ങളുടെ കൃത്രിമ വ്യാഖ്യാനങ്ങൾ മറയാക്കി വളർന്നുകഴിഞ്ഞു എന്നത് അവരെ ഭയപ്പെടുത്തേണ്ടതുണ്ട്. സമാധാനം, സ്നേഹം, സഹവർത്തിത്വം എന്നിവയെ ഭീരുത്വത്തിന്റെ പര്യായപദങ്ങളായി കാണുകയും പാവം, സാധു തുടങ്ങിയവ സമുദായത്തിനകത്ത് തങ്ങളല്ലാത്തവരെ അഭിസംബോധന ചെയ്യാനുള്ള ആക്ഷേപവാക്കായുപയോഗിക്കുകയും ചെയ്യുന്നവർ ദീനീപ്രവർത്തനമെന്നാൽ ആകപ്പാടെ ബോഡി ബിൽഡിംഗും എതിരാളികളുടെ ദിനചര്യകളുടെയും സ്ഥാപനങ്ങളുടെയും വിവരശേഖരണവുമാണെന്ന തോന്നലുണ്ടാക്കുന്നു.

ഇങ്ങോട്ട് തല്ലുന്നവനെ തിരിച്ച് തല്ലും എന്ന അങ്ങാടി

ശൈലിയും ന്യായവുമാണ് ഈ സംരംഭത്തിന്റെ ആകെ ഉള്ളടക്കം. താത്ത്വിക വ്യാഖ്യാനങ്ങൾ പിന്നീട് വന്നുചേരുന്നതാണ്. ഇതിനിടയിൽ എന്ത് മക്കാ കാലഘട്ടം? എന്ത് മദീനാ കാലഘട്ടം? ഇത്തരം ലളിതയുക്തികളല്ല ദീനീപ്രവർത്തനങ്ങളുടെ അടിസ്ഥാനമാവേണ്ടത് എന്ന് പ്രമാണബദ്ധമായി വഴിതെറ്റിക്കപ്പെട്ട ചെറുപ്പക്കാരെ ബോധ്യപ്പെടുത്തേണ്ടതുണ്ട്. അതോടൊപ്പം ജനാധിപത്യമാർഗങ്ങൾ തുറന്നിരിക്കുന്നിടത്ത് സായുധ സംരംഭങ്ങളുടെ നിഷ്ഫലത ലോകസംഭവങ്ങളുടെ വെളിച്ചത്തിൽ വിശദീകരിക്കാവുന്നതുമാണ്. ദീനെന്നാൽ യുദ്ധവും കാലുഷ്യവും അസ്വസ്ഥതയുമാണെന്ന രീതിയിലുള്ള ഇസ്‌ലാമിന്റെ തെറ്റായ പ്രതിനിധാനങ്ങളെ ദീനിന്റെ സാർവലൗകികത ഉയർത്തിപ്പിടിച്ച് നാം നേരിട്ടേ പറ്റൂ. അപരന്റെ വർഗീയതയെ നാം എതിർക്കുന്നത്, വർഗീയതയോടുള്ള എതിർപ്പ് മൂലമാണെന്ന് സമൂഹത്തിന് ബോധ്യപ്പെടുക സ്വന്തക്കാരന്റെ വർഗീയതയോട് നാം എന്ത് നിലപാട് സ്വീകരിക്കുന്നു എന്നതിന്റെ ഉത്തരത്തിൽനിന്നാണ്.

നമ്മൾ അവർഗീയരായിരിക്കുന്നത് ഇസ്‌ലാം അവർഗീയമായതുകൊണ്ടാണ്. ജനാധിപത്യമൂല്യങ്ങളെക്കുറിച്ചും ബഹുസ്വരതയെക്കുറിച്ചും നമ്മൾ സംസാരിക്കുന്നത് രണ്ടും ഇസ്‌ലാമികമൂല്യങ്ങളായതിനാലാണ്. ഇസ്‌ലാം സമാധാനമാണ്. അത് സ്നേഹവും കാരുണ്യവുമാണ്. കാരുണ്യം തന്റെ ഗുണമായി സ്വീകരിച്ച നാഥൻ മാലോകർക്കായി അവതരിപ്പിച്ച ജീവിതദർശനം അങ്ങനെയല്ലാതാവാൻ തരമില്ല. യുദ്ധത്തിനിടയിൽ പോലും മനശ്ശാന്തിയും സ്വസ്ഥതയും വിശ്വാസിസമൂഹം അനുഭവിച്ചിരുന്നതായി ഖുർആൻ സാക്ഷ്യപ്പെടുത്തുന്നത്, അവരുടെ ലക്ഷ്യത്തെയും മാർഗത്തെയും കുറിച്ച് അവർക്ക് തീർച്ചയുള്ളതുകൊണ്ടായിരുന്നു.

തീർച്ചയായും മനുഷ്യത്വവിരുദ്ധ ശക്തികളോടുള്ള പോരാട്ടം തന്നെയാണ് ഇസ്‌ലാം. പക്ഷേ, അതൊരു വർഗീയസമരമല്ല. ദൈവത്തിന്റെ അധികാരാവകാശങ്ങളിൽ കൈയേറ്റം നടത്തി വിഭവങ്ങൾ കൈയടക്കി അനീതിയും അക്രമവും കൊണ്ട് ലോകത്ത് അസമാധാനം സൃഷ്ടിക്കുന്ന മുഴുവൻ കറുത്ത ശക്തികളോടുമാണ് നമ്മുടെ സമരം. അനീതിയുടെ വിപാടനം ആഗ്രഹിക്കുന്ന മുഴുവൻ മനുഷ്യരെയും ഒന്നിച്ചു നിർത്തിയാണ് ഇസ്‌ലാം ഈ സമരം മുന്നോട്ടുനീക്കുന്നത്. ജനങ്ങൾക്കാകമാനമുള്ള മാർഗദർശനത്തിന്റെ വാഹകരായ നമുക്ക് ആരും അന്യരല്ല. പ്രബോധകർ എന്ന ഐഡന്റിറ്റിയും അതിന്റെ പരിമിതികളും അപമാനകരമായ ഒന്നായി നാം കാണുന്നില്ല. വിവേകം നമുക്കൊരു അശ്ലീലപദമല്ല. അതിനാൽതന്നെ പാരസ്പര്യത്തിന്റെ വിശാല ഇടങ്ങളെ ചുരുക്കിക്കെട്ടാനും മനസ്സുകൾക്കിടയിൽ വിദ്വേഷത്തിന്റെയും പരസ്പര സംശയത്തിന്റെയും കന്മതിലുകൾ തീർക്കാനും ആര് ശ്രമിച്ചാലും നാമതിനെ ചെറുക്കും-അത് ചെയ്യുന്നത് കാരുണ്യത്തിന്റെ ജീവിതദർശനമായ ഇസ്‌ലാമിന്റെ പേരിലാവുമ്പോൾ വിശേഷിച്ചും. ■